പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 91 07.06.2018 ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.മോൻസ് ജോസഫ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഹയർ സെക്കണ്ടറി വിഭാഗത്തെ ഡി.പി.ഐ.യിൽ ലയിപ്പിക്കാനുള്ള നീക്കം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; | സ്കൂൾ വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, വൊക്കേഷൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് എന്നിവ ഏകോപിപ്പിച്ച് ഒരു പൊതുഭരണ സംവിധാനം രൂപീകരിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുന്നുണ്ട്. |
| (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ പേരിൽ വിദ്യാഭ്യാസമേഖലയിൽ കൊണ്ടുവരുന്ന പരിഷ്കാരങ്ങൾ എല്ലാം അദ്ധ്യാപക വിദ്യാർത്ഥി സമൂഹത്തിന്റെ താത്പര്യത്തിന് ഗുണകരമാണോ എന്നതിനെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ? | ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ബഹുമുഖമായ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്നു. ഈ പ്രവർത്തനങ്ങളുടെ ഫലമായി വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും താല്പര്യങ്ങൾക്ക് അനുസൃതമായി ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട് എന്ന് ഈ രംഗം നിരീക്ഷിക്കുന്ന ആർക്കും വ്യക്തമാകും. അതിനു തെളിവായി 1.5 ലക്ഷത്തിനടുത്ത് കുട്ടികൾ അധികമായി കഴിഞ്ഞ അക്കാദമിക് വർഷം പൊതു വിദ്യാലയങ്ങളിലേക്ക് എത്തിച്ചേർന്നു. ഈ വർഷവും ഈ പ്രവണത തുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2009 ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ ഉറപ്പാക്കാൻ ആവശ്യമായ ഘടനാപരവും അക്കാദമികപരവുമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ എസ്.സി.ഇ.ആർ.ടി മുൻ ഡയറക്ടർ ഡോ.എം.എ ഖാദർ ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ